"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ - സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0 കേരളത്തിലെ നഗരസഭകളിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് കോർപ്പറേഷനുകളിലും നഗരസഭകളിലും യുവ പ്രൊഫഷണലുകളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.20/2023/LSGD തീയതി,തിരുവനന്തപുരം, 04-01-2023

---

പരാമർശം :- ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11/10/2022ലെ 941/D1/2021/SM നമ്പർ പ്രൊപ്പോസൽ.

**ഉത്തരവ്**

സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0 മാർഗനിർദ്ദേശങ്ങളിലെ 9.14.4, 9.14.5 എന്നിവ പ്രകാരം പ്രൊഫഷണലുകളെയും ഇന്റേൺസിനെയും നിയമിച്ച് മിഷന്റെ ശ്രദ്ധ കേന്ദ്രീകരിക്കുന്ന മേഖലകളിലുടനീളം നിശ്ചിത സമയത്തേക്ക് പ്രോജക്ടുകൾ തിരഞ്ഞെടുക്കുന്നതിനും നിയോഗിക്കുന്നതിനുമുള്ള വ്യവസ്ഥയുണ്ട് .ഇതിലേക്കായി തുകയും പദ്ധതിയിൽ വകയിരുത്തപ്പെട്ടിരിക്കുന്നു. പദ്ധതി പ്രകാരം കേരളത്തിലെ നഗരസഭകളിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് യുവ പ്രൊഫഷണലുകളുടെ സേവനം വിനിയോഗിക്കുന്നതിന് യുവ പ്രൊഫഷണലുകളെ കരാർ അടിസ്ഥാനത്തിൽ വാർഷിക മൂല്യനിർണ്ണയത്തിനും തൃപ്തികരമായ വാർഷിക പ്രകടനത്തിനും വിധേയമായി മൂന്ന് വർഷത്തേക്ക് നിയമിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021 ഒക്ടോബർ 1 ന് ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0 പദ്ധതിയുടെ കാലാവധി അവസാനിക്കുന്ന 2026 ഒക്ടോബർ 1 നുള്ളിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് വേണ്ടി ചുവടെ ചേർക്കും പ്രകാരം കോർപ്പറേഷനുകളിലും നഗരസഭകളിലും യുവ പ്രൊഫഷണലുകളെ കരാർ അടിസ്ഥാനത്തിൽ വാർഷിക മൂല്യനിർണ്ണയത്തിനും കർത്തവ്യങ്ങളുടെ തൃപ്തികരമായ വാർഷിക പ്രകടനത്തിനും വിധേയമായി മൂന്ന് വർഷത്തേക്ക് നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | തസ്തികയുടെ വിശദാംശം | ആകെ തസ്തിക | യോഗ്യത |
|---|---|---|---|
| | കോർപ്പറേഷനുകളിൽ 2 യുവ | | BTech/MBA/MSW അല്ലെങ്കിൽ |

| | | | |
|---|---|---|---|
| 1 | പ്രൊഫഷണലുകൾ വീതം (പ്രതിമാസ വേതനം 20,000/- രൂപ വീതം) | 12 | തത്തുല്യമായ യോഗ്യത |
| 2 | നഗരസഭകളിൽ 1 യുവ പ്രൊഫഷണൽ വീതം പ്രതിമാസ വേതനം (20,000/- രൂപ വീതം) | 87 | BTech/MBA/MSW അല്ലെങ്കിൽ തത്തുല്യമായ യോഗ്യത |

യോഗ്യരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് Centre for Management Development (CMD) യെ ചുമതലപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണത്തിനാവശ്യമായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും യുവ പ്രൊഫഷണലുകളെ നിയമിക്കുന്നതിനും വേതനം നൽകുന്നതിനുമുള്ള ചെലവുകൾക്ക് തുക കണ്ടെത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ./ജി & എസ്.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (IA2//142/2022-LSGD)

ഉത്തരവിൻ പ്രകാരം
Signed by Suja S K
Date: 05-01-2023 11:11:59
സെക്ഷൻ ഓഫീസർ